# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 656

12.07.2012- ൽ മറുപടിക്ക്

**ഉൽസവ സീസണുകളിൽ കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) വരുന്ന ഓണം-റംസാൻ സീസണുകളിൽ വിപണികളിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) 2012 ജൂലൈ 6 ന് ആരംഭിച്ച് ആഗസ്റ്റ് 28-ന് അവസാനിക്കുന്ന വിധത്തിൽ റംസാൻ, ഓണം സബ്സിഡി വിപണനം നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന '13' ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 18% മുതൽ 52% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി) എത്ര ഔട്ട്ലെറ്റുകളാണ് തുറക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 3000 ഔട്ട്ലെറ്റുകളാണ് തുറക്കാനുദ്ദേശിക്കുന്നത്. 14 ജില്ലാ ആസ്ഥാനങ്ങൾ, 140 നിയോജക മണ്ഡല ആസ്ഥാനങ്ങൾ, കൺസ്യൂമർ ഫെഡ് നേരിട്ടു നടത്തുന്ന 221 സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ/സഹകരണ ഔട്ട്ലെറ്റുകൾ എന്ന രീതിയിൽ ആണ് വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. |
| സി) ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് ഈ ഔട്ട്ലെറ്റുകൾവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്; | സി) താഴെ പറയുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ ഈ കേന്ദ്രങ്ങളിലൂടെ വിൽപന നടത്തും. |

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | ജയ അരി (തെക്കൻ കേരളത്തിൽ) |
| 2. | കുറുവ അരി (വടക്കൻ കേരളത്തിൽ) |

3. കുത്തരി (മദ്ധ്യ കേരളത്തിൽ)
4. പച്ചരി
5. പഞ്ചസാര
6. ചെറുപയർ
7. കടല
8. ഉഴുന്ന്
9. വൻപയർ
10. തുവരപ്പരിപ്പ്
11. മുളക്
12. മല്ലി
13. വെളിച്ചെണ്ണ

| | |
|---|---|
| ഡി) ഈ സാധനങ്ങൾ എന്തു വിലക്കുറവി ലാണ് ജനങ്ങൾക്ക് നൽകുന്നത് ? | ഡി) 2012 ഓണം-റംസാൻ സഹകരണ വിപണികളിലൂടെ വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണി വിലയിൽ നിന്നും 18 മുതൽ 52 ശതമാനം വരെ വിലക്കുറവിലാണ് വിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ